**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 602** **23-07-2021 - ൽ മറുപടിയ്ക്ക്**

**മലമ്പുഴ മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | 2016 മുതൽ 2021 വരെയുള്ള കാലയളവിൽ സാംസ്കാരിക വകുപ്പ് മുഖേന മലമ്പുഴ മണ്ഡലത്തിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളത് എന്ന് അറിയിക്കാമോ; ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതിയും ആയതിന് അനുവദിച്ച തുകയും വിശദമാക്കാമോ? | (എ) | 2016 മുതൽ 2021 വരെയുള്ള കാലയളവിൽ മലമ്പുഴ മണ്ഡലത്തിൽ സാംസ്കാരിക വകുപ്പ് നടപ്പിലാക്കുന്ന പദ്ധതി വിവരങ്ങൾ ചുവടെ ചേർക്കുന്നു. 1) യുവകലാകാരന്മാർക്കുള്ള വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതിയുടെ ഭാഗമായി മലമ്പുഴയിൽ 5 കലാകാരന്മാരെ വിന്യസിക്കുകയും പ്രസ്തുത കലാകാരന്മാർ മലമ്പുഴ ബ്ലോക്ക് പഞ്ചായത്തിനു കീഴിലുള്ള വിവിധ കേന്ദ്രങ്ങളിൽ വിവിധ കലാരൂപങ്ങളിൽ കലാപരിശീലനം നൽകുകയും ചെയ്യുന്നുണ്ട്. കലാകാരന്മാർക്ക് 10,000/- രൂപ വീതം സാംസ്കാരിക വകുപ്പിൽ നിന്നും 5000/- രൂപാ വീതം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും നൽകി വരുന്നു. 2) മഹാത്മാഗാന്ധിയുടെ രക്തസാക്ഷിത്വത്തിന്റെ 70-ാം വാർഷികത്തോടനുബന്ധിച്ച് മഹാത്മാ ഗാന്ധിയും കസ്തൂർബാ ഗാന്ധിയും സന്ദർശിച്ച ശബരി ആശ്രമത്തിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. 3) സാംസ്കാരിക വകുപ്പ് മുഖേന ഒ.വി. വിജയൻ സ്മാരകത്തിന്റെ അടിസ്ഥാന വികസന പ്രവർത്തനങ്ങൾക്കായി 2017-18 സാമ്പത്തിക വർഷം 75 ലക്ഷം രൂപയും 2018-19 സാമ്പത്തിക വർഷം ഒരു കോടി രൂപയും അനുവദിച്ചിരുന്നു. പ്രസ്തുത തുക മുഴുവനും ചെലവഴിച്ചു. |

സെക്ഷൻ ഓഫീസർ